"ഭരണഭാഷ - മാതൃഭാഷ"

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി.ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695004, കേരള
വെബ് സൈറ്റ്: www.kseb.in CIN - U40100KL2011SGC027424

ടെലിഫോൺ നമ്പർ : 0471 2514527, 2514455
ഫാക്സ്:0471 2514472
ഇമെയിൽ: pokseb@gmail.com

ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയം
വൈദ്യുതി ഭവനം, പട്ടം,
തിരുവനന്തപുരം-695004

നം. പി.എസ്.1 (ബി)/2017 തീയതി: 22.10.2019

## പരിപത്രം

വിഷയം : മഴക്കെടുതിയും ഉരുൾപൊട്ടൽ ദുരന്തവും മൂലം ജീവഹാനിയും വൻ നാശനഷ്ടങ്ങളും സംഭവിച്ചവർക്ക് സാമ്പത്തിക സഹായം - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിലെ പെൻഷനേഴ്സ് / ഫാമിലി പെൻഷനേഴ്സ് സംഭാവന നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1) ബഹു. വൈദ്യുതി വകുപ്പ് മന്ത്രി 19.08.2019 – ന് വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിന്റെ മിനുട്സ്.
2) കെ.എസ്.ഇ.ബി പെൻഷനേഴ്സ് അസോസിയേഷൻ 17.09.2019 – ൽ ബഹു : ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നൽകിയ കത്ത്.
3) ഇലക്ട്രിസിറ്റി പെൻഷനേഴ്സ് വെൽഫയർ അസോസിയേഷൻ 18.09.2019 – ൽ ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നൽകിയ കത്ത്.

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.08.2019 – ന് വൈദ്യുതി ഭവനിലെ കോൺഫറൻസ് ഹാളിൽ കൂടിയ സർവ്വകക്ഷിയോഗത്തിൽ KSEB ലിമിറ്റഡിലെ ജീവനക്കാർ സെപ്റ്റംബർ മാസത്തെ ശമ്പളത്തിൽ നിന്നും ഒരു ദിവസത്തെ ശമ്പളം ബഹു : മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുമെന്ന് എല്ലാ തൊഴിലാളി / ഓഫീസർ സംഘടനകളും തീരുമാനമെടുക്കുകയും ആയതിൻ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു.

മേൽ വിഷയത്തിൽ സൂചന (2), (3) മുഖേന KSEB – ലെ പെൻഷനേഴ്സ് സംഘടനകളും CMDRF ലേയ്ക്ക് സംഭാവന നൽകാൻ സന്നദ്ധതയറിയിക്കുകയും, ആയതിലേയ്ക്ക് സാമ്പത്തിക സഹായം സ്വരൂപിക്കുന്നതിനായി ചുവടെ സൂചിപ്പിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

1) കെ.എസ്.ഇ.ബി.എൽ പെൻഷൻകാരും / ഫാമിലി പെൻഷൻകാരും ഒരു ദിവസത്തെ പെൻഷന് തുല്യമായ തുക ബഹു : മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ആയി നൽകാവുന്നതാണ്.

2) 2019 നവംബർ മാസത്തെ പെൻഷൻ / ഫാമിലി പെൻഷനിൽ നിന്നും ഒരു ദിവസത്തെ പെൻഷൻ / ഫാമിലി പെൻഷൻ (സമാനമായതുക) ആയതിലേയ്ക്ക് ബാധകമാക്കിയിട്ടുള്ള CMDRF അക്കൗണ്ട് ഹെഡിൽ Credit ചെയ്യേണ്ടതാണ്.

3) ഒരു ദിവസത്തെ പെൻഷൻ / ഫാമിലി പെൻഷൻ നൽകുന്നവർ ബന്ധപ്പെട്ട ARU – മേലധികാരിയ്ക്ക് സമ്മതപത്രം നൽകേണ്ടതാണ്.

Scanned by CamScanner

4) മേൽ സൂചിപ്പിച്ച പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് KSEBL – ലെ പെൻഷനേഴ്സ് / ഫാമിലി പെൻഷനേഴ്സ് നൽകുന്ന തുകയ്ക്ക് ഇൻകം ടാക്സ് ഇളവ് (Section 80G പ്രകാരം) ലഭിക്കുന്നതായിരിക്കും.

5) ഓരോ പെൻഷൻകാരുടെയും / ഫാമിലി പെൻഷൻകാരുടെയും അടിസ്ഥാനപെൻഷൻ / ഡിയർനെസ് റിലിഫ് എന്നിവ അടിസ്ഥാനമാക്കി ഒരു ദിവസത്തെ പെൻഷൻ / ഫാമിലി പെൻഷൻ കണക്കാക്കേണ്ടതാണ്.

ദുരന്ത ബാധിതർക്ക് KSEBL – ലെ പെൻഷനേഴ്സ് / ഫാമിലി പെൻഷനേഴ്സിൽ നിന്നും സഹായം ലഭ്യമാക്കുന്നതിനും ഈ സംരംഭം പരിപൂർണ്ണ വിജയത്തിലേയ്ക്ക് എത്തിക്കാനും എല്ലാ പെൻഷൻകാരുടെയും ഫാമിലി പെൻഷൻകാരുടെ ബന്ധപ്പെട്ട സംഘടനകളുടെയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**ഒപ്പ്**
**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും /
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ.
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
22/8/2018
സീനിയർ സൂപ്രണ്ട്

Scanned by CamScanner